# പതിനാലാം കേരള നിയമസഭ
# (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:512**      **19.05.2017-ൽ മറുപടിയ്ക്ക്**

## മത്സ്യസമ്പത്തിന്റെ സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ. എൻ. ഷംസീർ<br>ശ്രീ.വി. അബ്ദുറഹിമാൻ<br>ശ്രീ.എൻ. വിജയൻ പിള്ള<br>ശ്രീ.വി. ജോയി | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | എ) മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനുമായി 2017-18 സാമ്പത്തിക വർഷം താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി 350 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>• കായലുകളിലെ അനധികൃത മത്സ്യബന്ധനം കണ്ടെത്തുന്നതിനായി കായൽ പട്രോളിംഗ് പദ്ധതി.<br>• ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും തദ്ദേശീയ മത്സ്യങ്ങളുടെ വംശനാശം തടയുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് മത്സ്യസങ്കേതം സ്ഥാപിക്കുന്ന പദ്ധതി.<br>• മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി കാർപ്പ്, ആറ്റുകൊഞ്ച് കൂടാതെ തനത് മത്സ്യങ്ങളായ ചെമ്മീൻ, കരിമീൻ, കണമ്പ് തുടങ്ങിയ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി.<br>• മത്സ്യങ്ങളുടെ പ്രജനനം ഫലപ്രദമായി നടന്ന് കൂടുതൽ മത്സ്യക്കുഞ്ഞുങ്ങൾ ഉൽപാദിപ്പിക്കുന്നതിനായി ആവശ്യമായ ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിനായി കൃത്രിമ പാര് നിർമ്മിക്കൽ, കണ്ടൽ കാട് വച്ചുപിടിപ്പിക്കൽ തുടങ്ങിയ പദ്ധതികൾ.<br>• തീരക്കടലിൽ കൃത്രിമ പാരുകൾ നിക്ഷേപിക്കുന്ന പദ്ധതി<br>• കടൽ മത്സ്യ സമ്പത്ത് പരിപോഷിപ്പിക്കുന്നതിനായി ട്രോളിംഗ് നിരോധനം ഏർപ്പെടുത്തൽ<br>• ചെറുമത്സ്യങ്ങളെ പിടിക്കുന്നത് നിരോധിക്കൽ |

| | | | |
|---|---|---|---|
| ബി) | നിയമവിരുദ്ധമായ മത്സ്യബന്ധനം തടയുന്നതിനും സ്വാഭാവിക മത്സ്യ പ്രജനന സ്ഥലങ്ങളിൽ സംരക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | ബി) | ഉണ്ട്. കടലിൽ നിയമവിരുദ്ധ മത്സ്യബന്ധനം നടത്തുന്ന മത്സ്യബന്ധന യാനങ്ങൾക്കെതിരെ KMFR Act 1980 അനുസരിച്ച് നിയമനടപടികൾ സ്വീകരിച്ച പിഴ ഈടാക്കി വരുന്നു. ഉൾനാടൻ മേഖലയിൽ കേരള ഉൾനാടൻ മത്സ്യബന്ധനവും മത്സ്യകൃഷിയും ആക്ട് 2010 പ്രകാരം നിയമലംഘനത്തിന് പിഴ ഈടാക്കി വരുന്നുണ്ട്. |
| സി) | നശിച്ച പോയ ജലാശയ ആവാസ വ്യവസ്ഥ പുനഃസ്ഥാപിക്കുന്നതിനും അതിന്റെ ഭാഗമായി കണ്ടൽ കാട്ടുകൾ വച്ച പിടിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | സി) | നശിച്ചുപോയ ജലാശയ ആവാസവ്യവസ്ഥ പുനസ്ഥാപിക്കുന്നതിന് അഷ്ട മുടി കായൽ, വേമ്പനാട് കായൽ, എന്നിവിടങ്ങളിലും കണ്ണൂർ, കോഴിക്കോട് ജില്ലകളിലും കണ്ടൽ കാടുകൾ വച്ചു പിടിപ്പിക്കുന്നതിനു വേണ്ടി 2017-18 സാമ്പത്തിക വർഷം ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. റാംസർ പട്ടികയിൽ ഉൾപ്പെട്ട വേമ്പനാട് അഷ്ടമുടി കായലുകളുടെയും, ശാസ്താംകോട്ട തടാകത്തിന്റെയും ആവാസ വ്യവസ്ഥ പുനഃസ്ഥാപിക്കുന്നതിന് കർമ്മ പരിപാടികൾ ആവിഷ്കരിക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുന്നതാണ്. |
| ഡി) | മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനായി സ്റ്റേറ്റ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി (ഫിർമ) നടത്തുന്ന വിവിധ ഗവേഷണ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും അവയുടെ ഫലപ്രാപ്തി അവലോകനം ചെയ്യാറുണ്ടോയെന്നും വ്യക്തമാക്കാമോ? | ഡി) | കഴിഞ്ഞ മൂന്ന് വർഷക്കാലത്ത് താഴെപ്പറയുന്ന ഗവേഷണ പദ്ധതികൾ ഫിർമ നടപ്പാക്കിവരുന്നു.<br>1. എക്സ്പ്ലോയിറ്റഡ് ഫിഷറീസ് റിസോഴ്സ് ഓഫ് കുട്ടനാട് വെറ്റ്ലാന്റ് ഇക്കോസിസ്റ്റം വിത്ത് സ്പെഷ്യൽ റഫറൻസ് ടു ഡെവലപ്പിംഗ് എ മാനേജ്മെന്റ് പ്ലാൻ<br>2. അസസ്മെന്റ് ഓഫ് സ്റ്റാറ്റസ് ഓഫ് റിവറൈൻ ഫിഷറീസ് ആന്റ് ലിങ്കിംഗ് വിത്ത് വാട്ടർ ക്വാളിറ്റി റസ്റ്ററേഷൻ പ്രോഗ്രാം.<br>ഇവയുടെ അന്തിമ റിപ്പോർട്ട് തയ്യാറാക്കിവരുന്നു. ഇവയുടെ ഫലപ്രാപ്തി എക്സിക്യൂട്ടീവ് കമ്മറ്റി, ഗവേണിംഗ് ബോഡി, മത്സ്യവകുപ്പ് ഡയറക്ടർ വിളിച്ചു ചേർക്കുന്ന പുരോഗതി അവലോകന യോഗങ്ങൾ എന്നിവയിൽ ചർച്ച ചെയ്യുന്നു. ഇതിന് പുറമെ ഗവേഷണ പദ്ധതികൾ അവലോകനം ചെയ്യുന്നതിന് ഫിർമയിൽ വിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിയും നിലവിലുണ്ട്. |

**സെക്ഷൻ ആഫീസർ**